# അധ്യാപക ക്ഷേമഫൗണ്ടേഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കും - മന്ത്രി സി.രവീന്ദ്രനാഥ്

ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്ന് വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് പറഞ്ഞു. പേട്ട ഹെർമ്മിറ്റേജിൽ ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹെർമിറ്റേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കും. കേരളത്തിൽ ഒരു ഹെർമിറ്റേജ് കൂടി ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കും. നിലവിൽ ഒരു അലോപ്പതി ഡോക്ടറുടെ സേവനമാണ് ഹെർമിറ്റേജിന് ലഭിക്കുന്നത്. ഒരു ആയുർവേദ ഡോക്ടറുടെ സേവനം കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുച്ചുവരികയാണ്. അദ്ദേഹം പറഞ്ഞു.

അവശരും ആലംബഹീനരുമായ, വിരമിച്ച അമ്പതോളം അധ്യാപകരാണ് ഹെർമിറ്റേജിൽ താമസിക്കുന്നത്. സ്വത്ത് കൈവശപ്പെടുത്തിയശേഷം ഉറ്റവർ കൈയൊഴിഞ്ഞവർ, പ്രശ്നങ്ങളിൽ നിന്ന് മാറി ഏകാന്തവാസം നയിക്കുന്നവർ, അന്ധവിശ്വാസങ്ങളുടെ ഭാഗമായി വീടുവിട്ടിറങ്ങിയവർ എന്നിങ്ങനെ വിവിധ പ്രശ്നങ്ങൾ നേരിടുന്നവരാണ് ഹെർമിറ്റേജിലെ അന്തേവാസികൾ.

അശരണരായ മുൻ അധ്യാപകരെ സംരക്ഷിക്കുന്നതിന് ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഏക ഹെർമിറ്റേജാണ് പേട്ടയിലേത്. പേട്ട ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വളപ്പിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. 1999-ൽ അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാരാണ് ഹെർമിറ്റേജ് നാടിന് സമർപ്പിച്ചത്. ഹാബിറ്റാറ്റ് മാതൃകയിലുള്ള മൂന്നുനില കെട്ടിടത്തിൽ ഇപ്പോൾ 52 അന്തേവാസികളാണ് ഉള്ളത്. 64 മുതൽ 85 വരെയുള്ള പ്രായത്തിലുള്ളവരാണ് ഇവിടെ താമസം. ഒരു ആംഗ്ലോ ഇന്ത്യൻ വംശജയും നാലു ദമ്പതികളും അന്തേവാസികളാണ്.

ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷന്റെ സംസ്ഥാനതല ചുമതലക്കാർക്ക് പുറമേ ഒരു ലൈസൺ ഓഫീസറും ഒരു മാനേജരുമാണ് ഹെർമിറ്റേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. പേട്ട ഗവ: വി.എച്ച്.എസ്.എസ്. പ്രിൻസിപ്പൽ സി.ക്രിസ്തുദാസാണ് ലൈസൺ ഓഫീസർ. മാനേജരായി വി. ജയശ്രീ പ്രവർത്തിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ സെക്രട്ടറി/ട്രഷററായി പ്രവർത്തിക്കുന്ന ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷന്റെ അസിസ്റ്റന്റ് സെക്രട്ടറി കെ.എസ്.ടി.എ. സംസ്ഥാന ട്രഷറർ ടി. വി. മദനമോഹനനാണ്. ഹെർമിറ്റേജിനു പുറമേ സംസ്ഥാനത്തെ ഒമ്പത് ശിക്ഷക്സദനുകളുടെ ഭരണച്ചുമതലയും ഫൗണ്ടേഷനാണ്. 10-ാമത് ശിക്ഷക്സദൻ മൂന്നാറിൽ പണി പൂർത്തീകരിച്ചുവരുന്നു. അധ്യാപകരുടെ മക്കളിൽ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവർക്കും എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടിയവർക്കും സ്കോളർഷിപ്പ് നൽകുന്നുണ്ട്. ഇത് യഥാക്രമം 15000 രൂപയും 1000 രൂപയുമാണ്. പൊതുസഹായ പദ്ധതി എന്നപേരിൽ അവശരായ, സാമ്പത്തിക പരാധീനതയുള്ള അധ്യാപകർക്കും സാമ്പത്തിക സഹായം നൽകി വരുന്നു. അധ്യാപകദിന സ്റ്റാമ്പ് വില്പനയി

ലൂടെയും ശിക്ഷക് സദനുകളുടെ സർവ്വീസ്ചാർജിലൂടെ ലഭിക്കുന്ന തുകയാണ് ഫൗണ്ടേഷന്റെ പ്രവർത്തന മൂലധനം. സംസ്ഥാനതലത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിലും നടക്കുന്ന അധ്യാപകദിനാഘോഷത്തിനും കായികമേളയ്ക്കും ഫൗണ്ടേഷൻ പണം നൽകുന്നുണ്ട്.

ഓണക്കോടി ഏറ്റുവാങ്ങുമ്പോൾ പങ്കജാക്ഷി ടീച്ചറുടെ കൈകൾ വിറച്ചു. വിറയാർന്ന ചുണ്ടുകൾ ഇങ്ങനെ മന്ത്രിച്ചു. " അടുത്ത ഓണത്തിനും ഈ ഭാഗ്യമുണ്ടാകണേ...."

ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷന്റെ കീഴിലുള്ള പേട്ട ഹെർമിറ്റേജിലെ ഓണാഘോഷ പരിപാടിക്കിടെയാണ് വൈകാരികമായ ഈ സന്ദർഭം. ഓണ ക്കോടി വിതരണം ചെയ്തത് ദേശീയ അധ്യാപക ക്ഷേമഫൗണ്ടേഷന്റെ അധ്യ ക്ഷൻ കൂടിയായ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ്. ഏറ്റുവാ ങ്ങിയത് അവിടത്തെ അന്തേവാസികളിൽ ഏറ്റവും പ്രായം ചെന്ന ഭാസ്ക്കരൻ മാഷും പങ്കജാക്ഷിയമ്മ ടീച്ചറും.

ഭാസ്ക്കരൻ മാസ്റ്റർക്ക് 85 കഴിഞ്ഞു. അടുത്തിടെ ഒരു ഓപ്പറേഷൻ കഴി ഞ്ഞതിന്റെ ശാരീരിക അവശതകൾക്കിടയിലും വിദ്യാഭ്യാസ മന്ത്രിയുമായി അദ്ദേഹം അടുത്തിരുന്ന് നേരിട്ട് സംസാരിച്ചു.

പങ്കജാക്ഷിയമ്മ ടീച്ചർക്ക് 83 വയസാണ്. വിരമിച്ചിട്ട് 27 വർഷം കഴിഞ്ഞു. 1990ൽ കുമാരപുരം ഗവ. യു.പി സ്കൂളിൽ നിന്നാണ് വിരമിച്ചത്. ഒരു കുഞ്ഞു ണ്ടായത് പ്രസവത്തിലേ മരിച്ചു. ഭർത്താവും വർഷങ്ങൾക്കുമുമ്പ് മരിച്ചു.

വിശേഷങ്ങൽ പറഞ്ഞുതുടങ്ങിയ ടീച്ചറുടെ കണ്ണുകളിൽ ആവേ ശത്തോടൊപ്പം സങ്കടവും അലയടിച്ചു. 'അധ്യാപിക' എന്ന സിനിമാക്കഥപോലെ യാണ് ജീവിതം. അമ്മ നേരത്തേ മരിച്ചു. 4 സഹോദരങ്ങൾ ഉണ്ടായിരുന്നു. അതിൽ 2 പേർ മരിച്ചു. ശേഷിക്കുന്ന 2 പേരിൽ ഒരാൾ ഹെർമിറ്റേജിൽ തന്നെ താമസിക്കുന്നു. 4 സഹോദരങ്ങളെ വളർത്തി വലുതാക്കാൻ വലിയ കഷ്ടപ്പാടു കൾ സഹിച്ച് അവരുടെ മക്കളെ വളർത്തിയെടുക്കാനും സഹായിച്ചു. 31 വർഷം അധ്യാപികയായി ജോലി ചെയ്യുന്നതിനിടെ 2 തവണ സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ രോഗശയ്യയ്യിലായിരുന്ന അച്ഛനെ പരിപാലിക്കേണ്ടതിനാൽ സ്ഥാനക്ക യറ്റം വേണ്ടെന്നുവച്ചു. അടുത്ത തവണയും ഓണത്തിനുണ്ടാകണേ എന്നു പ്രാർത്ഥിക്കുമ്പോൾ ഉള്ളിന്റെയുള്ളിൽ എത്രയും വേഗം ജീവിതം അവസാനി ക്കണേ എന്നാണ് പ്രാർത്ഥന. ടീച്ചർ പറഞ്ഞു നിർത്തി.

സംസ്ഥാനതല പ്രവർത്തക സമിതിയംഗം ശ്രീ.പി.ഹരിഗോവിന്ദൻ അധ്യക്ഷനായിരുന്നു. പ്രവർത്തകസമിതിയംഗം ശ്രീ.കെ.സി.ഹരികൃഷ്ണൻ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒ.ജെ.ഷൈല, യൂണിയൻ ബാങ്ക് മാനേജർ പി.കെ.അംബികാദേവി എന്നിവർ ആശംസകൾ നേർന്നു. ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ അസിസ്റ്റന്റ് സെക്രട്ടറി ടി.വി.മദനമോഹനൻ സ്വാഗതവും, ലൈസൺ ഓഫീസർ സി.ക്രിസ്തുദാസ് നന്ദിയും പറഞ്ഞു.